സയ്യിദ് ഹാമിദ് ഹുസൈൻ

# ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി വളർച്ചയുടെ ആദ്യപടവുകൾ

**ജമാഅത്തെ ഇസ്‌ലാമി മുപ്പത് സംവൽസരം പൂർത്തിയാക്കിയ അവസരത്തിൽ പിന്നിട്ട വർഷങ്ങളിലെ പ്രവർത്തനങ്ങൾ വിവരിച്ചുകൊണ്ട് പരേതനായ സയ്യിദ് ഹാമിദ് ഹുസൈൻ സാഹിബ് എഴുതിയ ലേഖനത്തിന്റെ അവസാന ഭാഗമാണ് ചുവടെ. വിഭജനത്തിനു മുമ്പുള്ള ജമാഅത്തിന്റെ ചരിത്രം വിവരിക്കുന്ന ഇതിന്റെ ആദ്യഭാഗം നേരത്തെ കൊടുത്തിട്ടുണ്ട്. 1948-ൽ ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി രൂപീകരിക്കപ്പെട്ടത് മുതൽ 1971 വരെയുള്ള ചരിത്രമാണ് ഈ ഭാഗത്ത് വിവരിക്കുന്നത്.**

ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പ്രഥമഘട്ടത്തിൽ ജമാഅത്തിന്റെ സംഘാടനവും അംഗങ്ങളുടെ പരിശീലനവും നടത്തപ്പെട്ട രീതിയും പ്രബോധപ്രചരണങ്ങളുടെ ഗതിയും വീക്ഷിച്ചാൽ ദ്വിതീയ ഘട്ടത്തിൽ പാർട്ടിയുടെ ഘടന കൂടുതൽ ഭദ്രവും അംഗങ്ങളുടെ പരിശിലീനം പരിപക്വവുമാക്കി തീർക്കാനുള്ള അവസരം ലഭിക്കേണ്ടതായിരുന്നു. പക്ഷേ 47 ആഗസ്തിൽ രാജ്യം രണ്ടായി വിഭജിക്കപ്പെട്ടതോടെ ഇന്ത്യയുടെയും പാകിസ്ഥാന്റെയും വ്യത്യസ്തമായ പരിസ്ഥിതികളും പ്രശ്നങ്ങളും മുമ്പിൽവെച്ചുകൊണ്ട് ഒരേ നേതൃത്വത്തിന് കീഴിൽ ഒരേഘടനയും നയപരിപാടികളുമായി പ്രവർത്തിക്കാൻ പാർട്ടിക്ക് സാധ്യമല്ലാതെ വന്നു. അതിനാൽ വിഭജനത്തിന് ശേഷം കുറച്ച് നാളുകളോളം പ്രസ്ഥാനം വിഘടിതമായിത്തീരുകയുണ്ടായി. എങ്കിലും 1948 ഏപ്രിൽ മധ്യത്തിൽ മൗലാനാ അബുല്ലൈസിന്റെ നേതൃത്വത്തിൽ ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി പുനഃസംഘടിപ്പിക്കപ്പെട്ടു. അത് മുതൽ ഭാരതത്തിലെയും പാകിസ്ഥാനിലെയും ജമാഅത്തുകൾ പൂർണമായും വേർപെട്ട് സ്വതന്ത്രമായി പ്രവർത്തിച്ചുവരുന്നു. ഇതോടെ ഇന്ത്യൻ ജമാഅത്തിന്റെ മുപ്പതുവർഷത്തെ ചരിത്രത്തിൽ നിന്നുള്ള രണ്ടാം ഘട്ടം ആരംഭിക്കുകയായി. ഈ ദ്വിതീയ ഘട്ടത്തിന്റെ കാലയളവവസാനിക്കുന്നത് 1956-ലാണ്. അതായത് ഒമ്പത് വർഷം. ഈ ഘട്ടത്തിന്റെ ആരംഭത്തിൽ തന്നെ രാജ്യത്തിന്റെ വിഭജന ഫലമായി ഉടലെടുത്ത പുതിയ പരിസ്ഥിതികൾ കണക്കിലെടുത്ത് മുൻ പ്രവർത്തനപരിപാടികൾ അഴിച്ചുപണിയേണ്ടതിന്റെ ആവശ്യകത ശക്തിയായനുഭവപ്പെട്ടിരുന്നു. അങ്ങനെ ജമാഅത്ത് സ്ഥാപക നേതാവിന്റെ മദ്രാസ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി ഒരു 'നാലിന പ്രവർത്തനപരിപാടി' ആവിഷ്കരിച്ച് എല്ലാ മാധ്യമങ്ങളുമുപയോഗിച്ച് ബഹുജനങ്ങൾക്കിടയിൽ അത് പ്രചരിപ്പിക്കാനുള്ള സംഘടിത ശ്രമങ്ങൾ നടത്തി.

**സാമുദായികത്വത്തിന്നെതിരിൽ**

നാലിനപരിപാടിയുടെ അടിസ്ഥാനത്തിൽ ആദ്യമായി നടത്തപ്പെട്ട ശ്രമം വിഭജനാനന്തരവും തുടർന്നുകൊണ്ടിരുന്ന ഹിന്ദു-മുസ്‌ലിം സാമുദായിക സംഘട്ടനങ്ങൾക്ക് അറുതിവരുത്തുക എന്നതായിരുന്നു. മുസ്‌ലിംകൾ ഇസ്‌ലാമിന്റെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുന്നതിന് പകരം സാമുദായിക താൽപര്യങ്ങൾക്ക് വേണ്ടി വഴക്ക് കൂട്ടുക എന്നത് ജമാഅത്ത് മുമ്പേ തന്നെ അനഭിമതമായിട്ടാണ് വീക്ഷിച്ചിരുന്നത്. എന്നാൽ വിഭജനത്തിന് ശേഷവും ഇതേ വഴക്ക് തുടരുക എന്നത് കേവലമായൊരബദ്ധം മാത്രമല്ല, ആത്മനാശപരമായ വിഡ്ഢിത്തം കൂടിയായിരുന്നു. മുസ്‌ലിംകൾ തങ്ങളുടെ കർമരീതി മാറ്റേണ്ടത് വളരെ അനിവാര്യമായിരുന്നു. നിയമസഭകളിലെ ആനുപാതിക പ്രാതിനിധ്യപ്രശ്നം, തെരഞ്ഞെടുപ്പു കോലാഹലം, ഉദ്യോഗങ്ങൾക്ക് വേണ്ടിയുള്ള മത്സരം ഇതര അവകാശങ്ങൾക്കായുള്ള മുറവിളി തുടങ്ങിയതെല്ലാം ഈ ഘട്ടത്തിൽ നിഷ്ഫലം മാത്രമല്ല മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം ചേതകരം കൂടിയായിരുന്നു. ഇത് രാജ്യത്ത് അമുസ്‌ലിം ഭൂരിപക്ഷത്തിന്റെ മനസ്സിൽ ഇസ്‌ലാമിന്നെതിരിൽ ഉടലെടുത്ത വർഗീയവികാരം ആളിക്കത്തിക്കാൻ മാത്രമേ പര്യാപ്തമാവുമായിരുന്നുള്ളൂ.

**സാമൂഹ്യസംസ്കരണം**

മുസ്‌ലിംകൾക്കിടയിൽ ഇസ്‌ലാമിനെ സംബന്ധിച്ച വിജ്ഞാനം വിപുലമായ തോതിൽ പ്രചരിപ്പിക്കുക, അവരിൽ പ്രബോധനപ്രചരണങ്ങൾ നടത്താനുള്ള വികാരം സംജാതമാക്കുക, അമുസ്‌ലിംകൾക്ക് തങ്ങളുടെ സമൂഹത്തെ അപേക്ഷിച്ച് മുസ്‌ലിം സമൂഹത്തോട് മതിപ്പുണ്ടാത്തക്ക രീതിയിൽ അവരുടെ ധാർമിക - സാമൂഹിക ജീവിതത്തെ സംസ്കരിക്കുക എന്നിവ ലക്ഷ്യം വെച്ചുകൊണ്ടുള്ള പരിശ്രമങ്ങളാണ് രണ്ടാമതായി നടത്തപ്പെട്ടത്.

**അഭ്യസ്തവിദ്യരിൽ**

രാജ്യത്തിലെ ബുദ്ധിപരമായ കഴിവുകൾ കൂടുതൽ കൂടുതൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന് വേണ്ടി സംഭരിക്കുകയും അങ്ങനെ വ്യവസ്ഥാപിതമായ രീതിയിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യാനാണ് ജമാഅത്ത് മൂന്നാമതായി ശ്രമിച്ചത്. ഈ ലക്ഷ്യസാധ്യത്തിന്ന് വേണ്ടി പാർട്ടി മുസ്‌ലിം ബുദ്ധിജീവികളിലും അഭ്യസ്തവിദ്യരിലും സവിശേഷ ശ്രദ്ധ പതിപ്പിക്കുകയുണ്ടായി. ഈ വിഭാഗത്തിൽനിന്ന് ജമാഅത്തിന് ലഭിച്ച വ്യക്തികളുടെ യോഗ്യതകൾ പരിപോഷിപ്പിച്ച് അവരെ പൊതുജനങ്ങളിലും ഉന്നത വിഭാഗങ്ങളിലും പ്രസ്ഥാനത്തിന്റെ പ്രചരണത്തിന്നായി ഉപയോഗപ്പെടുത്തി. ഇന്നേവരെ ഇന്ത്യൻ ജമാഅത്തിന്റെ നേതൃത്വവും പ്രാസ്ഥാനികവും സംഘടനാപരവും ശിക്ഷണപരവുമായ പ്രവർത്തനങ്ങളും ഈ വിഭാഗമാണ് നിർവ

ഹിച്ചുപോരുന്നത്.

**പ്രസിദ്ധീകരണാലയങ്ങൾ**

നാലാമതായി, ജമാഅത്തിന്റെ സന്ദേശമുൾകൊണ്ട ഓരോ പ്രവർത്തകനും പ്രാദേശിക ഭാഷകൾ പഠിക്കാനും അതിൽ ലേഖനമെഴുതാനും പരിശ്രമങ്ങൾ നടത്തപ്പെട്ടു. പ്രാദേശിക ഭാഷകളിൽ കഴിയുന്നത്ര വേഗം ഇസ്‌ലാമിക സാഹിത്യങ്ങൾ വെളിച്ചംകാണേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യ താൽപര്യമായിരുന്നു. ഈ കാലയളവിൽ ഉർദു കൂടാതെ മലയാളം, തെലുങ്ക്, ആസാമി, ബംഗാളി, ഗുജറാത്തി, മറാഠി, കന്നട തുടങ്ങിയ എല്ലാ പ്രദേശിക ഭാഷകളിലും പ്രസിദ്ധീകരണാലയങ്ങൾ നിലവിൽ വന്നുകഴിഞ്ഞിട്ടുണ്ട്.

ജമാഅത്ത് നാലിന പരിപാടിയനുസരിച്ചുള്ള പ്രവർത്തനങ്ങൾനടത്താൻ തുടങ്ങിയപ്പോഴേക്ക് സ്വാതന്ത്ര്യസമരത്തിന്റെ ആവേശകരമായ കാലഘട്ടത്തിൽ ഗൂഢമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ഇടതുപക്ഷശക്തികൾ വർഗ്ഗ സംഘട്ടനങ്ങൾ ഊതിവീർപ്പിക്കാൻ തുടങ്ങിയിരുന്നു. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ സുഗമമായ പ്രയാണത്തിന് വർഗിയ സംഘട്ടനങ്ങൾ എത്രമാത്രം വിഘാതമായിരുന്നോ അത്രയും വിഘാതമായിരുന്നു വർഗസംഘട്ടനങ്ങളും. അതിനാൽ 1952-ൽ ചേർന്ന 'മജ്‌ലിസ് ശൂറ' വർഗീയസംഘട്ടനങ്ങളോടൊപ്പം വർഗസംഘട്ടനങ്ങളുടെയും പ്രതിരോധം ജമാഅത്തിന്റെ നാലിന പ്രവർത്തന പരിപാടിയിലുൾപെടുത്തി അംഗങ്ങളുടെയും അനുഭാവികളുടെയും ശ്രദ്ധ ഈ വിഷയത്തിലേക്കും തിരിച്ചുവിട്ടു.

ഈ ഘട്ടത്തിന്റെ പ്രാരംഭത്തിൽ ജമാഅത്തിന്റെ ലക്ഷ്യമായ 'ഹുകൂമത്തെ ഇലാഹി'യെ സംബന്ധിച്ച് പല വൃത്തങ്ങളിലും തെറ്റിദ്ധാരണകൾ പ്രചരിച്ചിരുന്നു. ചില തൽപരകക്ഷികൾ ഗവൺമെന്റിനെയും പൊതുജനങ്ങളെയും തെറ്റിദ്ധരിപ്പിക്കാൻ തീവ്രശ്രമം നടത്തുകയുണ്ടായി. തന്മൂലം ജമാഅത്തിന്റെ ഭരണഘടനയിൽ പാർട്ടിയുടെ ലക്ഷ്യത്തെ ദ്യോതിപ്പിക്കാൻ 'ഹുകൂമത്തെ ഇലാഹി' എന്നതിന് പകരം 'ഇഖാമത്തെ ദീൻ' എന്ന പദം പ്രയോഗിക്കപ്പെട്ടു. ഇഖാമത്തെ ദീൻ എന്ന പ്രയോഗം ഖുർആന്റെ സാങ്കേതിക ശബ്ദമാണെന്നതിനു പുറമെ 'ഹുകൂമത്തെ ഇലാഹി'യുടെ എല്ലാ ആശയങ്ങളും ഉൾകൊള്ളുന്നതുകൂടിയായിരുന്നു. അതിനാൽ കൂടുതൽ തെറ്റിദ്ധാരണകൾക്ക് അതിൽ സാധ്യത അവശേഷിക്കുകയില്ല. സാങ്കേതിക ശബ്ദമെന്ന നിലയിൽ ജമാഅത്ത് ഇപ്പോഴും ഇതേ പദം തന്നെയാണ് ഉപയോഗിച്ചു വരുന്നത്. ഭരണഘടനയിൽ അതിനു അത്യാവശ്യ വിശദീകരണങ്ങൾ നൽകിയിട്ടുമുണ്ട്.

**നാനാവിധ എതിർപ്പുകൾ**

വിഭജനത്തിന് മുമ്പ് മുതൽക്കെ ചില മുസ്‌ലിം വൃത്തങ്ങളിൽനിന്ന് ജമാഅത്ത് എതിർപ്പുകളും വിമർശനങ്ങളും നേരിടുകയുണ്ടായി. മദിരാശിയിൽ മുസ്‌ലിംലീഗിന്റെ രൂക്ഷമായ രാഷ്ട്രീയ വിരോധത്തിന് പാത്രമായിത്തീരുകയുണ്ടായി ജമാഅത്ത്. അല്പം കഴിഞ്ഞപ്പോൾ ഈ എതിർപ്പ് മതപരമായ വർണം സ്വീകരിച്ചുതുടങ്ങി. മുസ്‌ലിം ബാഹ്യജനങ്ങളിൽ ജമാഅത്തിനെ സംബന്ധിച്ച് തെറ്റിദ്ധാരണകൾ ജനിപ്പിക്കാനും അങ്ങനെ ജമാഅത്തിൽനിന്ന് അവരെ അകറ്റിനിർത്താനും ചില മതപണ്ഡിതന്മാർ ജമാഅത്ത് അവതരിപ്പിക്കുന്ന ചിന്താഗതികളും സിദ്ധാന്തങ്ങളും, മതവിശ്വാസപ്രമാണങ്ങൾക്കും പൂർവഗാമികളുടെ ചര്യക്കും വിരുദ്ധമാണെന്ന് സ്ഥാപിക്കുവാൻ ശ്രമിക്കുകയുണ്ടായി. പക്ഷെ - അല്ലാഹുവിന് നന്ദി - അവരുടെ ഈ കുത്സിത ശ്രമം ഒട്ടും വിജയിക്കുകയുണ്ടായില്ല.

1951-ലും 52-ലും ജമാഅത്തിന്റെ രണ്ട് അഖിലേന്ത്യാ സമ്മേളനങ്ങൾ റാംപൂരിൽവെച്ച് ചേരുകയുണ്ടായി. അതോടെ ജമാഅത്തിനെ ഗവൺമെന്റ് കൂടുതൽ ശ്രദ്ധയോടെ വീക്ഷിക്കാൻ തുടങ്ങി. ജമാഅത്തിന്റെ വർധിച്ചുവരുന്ന സ്വാധീനം ഗവൺമെന്റിനെ അസ്വസ്ഥപ്പെടുത്തി. ജമാഅത്ത് രഹസ്യപ്പോലീസിന്റെ സൂക്ഷ്മാന്വേഷണങ്ങൾക്ക് വിധേയമായി. അവരുടെ അടിസ്ഥാന രഹിതമായ റിപ്പോർട്ടുകൾ സ്വീകരിച്ച് സർക്കാർ ജോലികളിൽനിന്ന് ജമാഅത്തംഗങ്ങളെയും അനുഭാവികളെയും ഒഴിവാക്കാനാരംഭിച്ചു. മാത്രമല്ല 1954-ല യു. പി. ഗവൺമെന്റ് അഖിലേന്ത്യാ അമീറിനെയും ജനറൽ സെക്രട്ടറിയെയും ഒരു ശൂറാ അംഗത്തെയും ഒരു വർഷത്തേക്ക് കാരാഗ്രഹത്തിലടച്ചു. അൽപകാലത്തിനു ശേഷം ജമാഅത്തിന്റെ പുതിയ അമീറും ജനറൽ സെക്രട്ടറിയും ഒരു ശൂറാ അംഗവും അറസ്റ്റ് ചെയ്യപ്പെട്ടു. ജമാഅത്തിന്റെ കേന്ദ്ര കാര്യാലയവും നേതാക്കളുടെ വീടും രണ്ടു പ്രാവശ്യം വിശദമായി പോലീസ് പരിശോധനയ്ക്ക് വിധേയമായി. പക്ഷെ കുറ്റകരമായ യാതൊന്നും തന്നെ അവർക്ക് ലഭിക്കുകയുണ്ടായില്ല.

ഇക്കാലത്തുതന്നെ ചില സംസ്ഥാനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വർധിച്ചുവരുന്ന ജമാഅത്തിന്റെ സ്വാധീനം തങ്ങളുടെ മാർഗത്തിന് തടസ്സമാണെന്ന് കണ്ട ചില കമ്യൂണിസ്റ്റ് പത്രങ്ങൾ ജമാഅത്തിനെതിരിൽ പ്രചരണങ്ങളഴിച്ചുവിടാൻ തുടങ്ങിയിരുന്നു. ഭൂരിപക്ഷസമുദായത്തിൽപെട്ട ചില വിഭാഗീയ പത്രങ്ങളും ഇതിൽ ഭാഗഭാക്കാവുകയുണ്ടായി. പക്ഷേ ഈ എതിർപ്പുകളും അന്തരീക്ഷത്തിന്റെ പ്രാതികൂല്യവുമെല്ലാമുണ്ടായിട്ടും ജമാഅത്ത് അതിന്റെ പ്രബോധന ചരിത്രത്തിലെ ദ്വിതീയ ഘട്ടത്തിൽ നിശ്ചിതമായ നാലിന പരിപാടികൾ കഴിയുന്നത്ര പ്രവർത്തിപഥത്തിൽ വരുത്താൻ ശ്രമിക്കുക തന്നെ ചെയ്തു. തത്ഫലമായി ധാരാളമാളുകളുടെ ജീവിതസംസ്കരണം സാധിച്ചു. സാധാരണക്കാരിലും ഉന്നതവിഭാഗങ്ങളിലും ജമാഅത്തിനെ സംബന്ധിച്ച് നല്ല അഭിപ്രായമുളവാക്കാൻ കഴിഞ്ഞു എങ്കിലും മുസ്‌ലിംകളുടെ പൊതുപ്രവണത നിർമാണാത്മകമായി ചിന്തിക്കുന്ന രീതിയിലായി ത്തീർന്നിരുന്നില്ല. ഇസ്‌ലാമിക പ്രവർത്തനങ്ങൾ നടത്താൻ രംഗത്ത് വരാനോ തങ്ങളെ ഒരാദർശ സമൂഹമായി മനസ്സിലാക്കി അനിസ്‌ലാമിക പ്രസ്ഥാനങ്ങളിൽനിന്ന് വിട്ട് നിൽക്കാനോ പൂർണസന്നദ്ധരായിരുന്നില്ല അവർ.

**തൃതീയ ഘട്ടം**

ദ്വതീയ ഘട്ടം അവസാനിക്കുന്നതിന് മുമ്പ്തന്നെ, ജമാഅത്തിന്റെ പ്രവർത്തങ്ങൾ പൂർവോപരി സുശക്തവും ചലനാത്മകവുമാക്കിത്തീർക്കുന്നതിന് 'നാലിനപ്രവർത്തനപരിപാടി' പുനഃപരിശോധിക്കേണ്ടതിന്റെ ആവശ്യകത ശക്തിയായി അനുഭവപ്പെട്ടിരുന്നു. പരിശീലനം, ക്രമീകരണം, പ്രബോധന പ്രചരണങ്ങൾ, മതവിദ്യാഭ്യാസം തുടങ്ങിയവയെല്ലാം ഉൾകൊള്ളുന്ന പുതിയ നയപരിപാടികൾ ആവിഷ്കരിക്കേണ്ടത് അത്യാവശ്യമായിരുന്നു. അങ്ങനെ, മൂന്നാം ഘട്ടത്തിന്റെ ആരംഭത്തിൽ തന്നെ, 1965 ജൂണിൽ ജമാഅത്ത് അതിന്റെ ഭരണഘടന പുനഃപരിശോധനക്കു വിധേയമാക്കുകയും ജമാഅത്തിന്റെ ആഭ്യന്തര സ്ഥിതിഗതികളും രാജ്യത്തിന്റെയും സമുദായത്തിന്റെയും മാറുവരുന്ന പരിതഃസ്ഥിതികളും മുമ്പിൽവെച്ച് ശിക്ഷണപരിശീലനങ്ങൾ, പ്രബോധന പ്രചരണങ്ങൾ, സാമുദായിക പ്രശ്നങ്ങൾ എന്നീ മൂന്ന് ഇനങ്ങളിലായി ഒരു പുതിയ പോളിസിയും അതിന്റെ അടിസ്ഥാനത്തിൽ ഒരു ചതുർവർഷപരിപാടിയും ആവിഷ്കരിച്ചു. ആദ്യത്തെ ഇനത്തിൽ താഴെ പറയുന്ന കാര്യങ്ങളായിരുന്നു നേടിയെടുക്കേണ്ടിയിരുന്നത്.

* വിശ്വാസകാര്യങ്ങളിൽ പരിപക്വത

* അംഗങ്ങളിൽ ചിന്താപരമായ ഏകീഭാവം

* അംഗങ്ങളുടെ വ്യക്തിപരവും സാമൂഹികവുമായ സ്വഭാവ സംസ്കരണം.

* ആഭ്യന്തര ഭദ്രത

* പ്രബോധന പ്രവർത്തനങ്ങൾക്കുള്ള കഴിവും യോഗ്യതയും കർമ്മപരമായ വികാരാവേശവും വളർത്തുക.

ഈ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ ജമാഅത്ത് സമഗ്രമായൊരു പരിശീലന പരിപാടി ആവിഷ്കരിച്ച് സംസ്ഥാന അമീറുമാർ വഴി രാജ്യത്തെങ്ങും നടപ്പിലാക്കി. ദൈവാനുഗ്രഹത്താൽ ഉദ്ദിഷ്ട ഫലം നേടിയടുക്കുന്നതിൽ ഈ പരിപാടി വളരെ സഹായകമായിത്തീരുകയുണ്ടായി.

ചതുർവർഷ പരിപാടിയിലെ രണ്ടാമത്തെ ഇനമായ പ്രബോധന കൃത്യനിർവ്വഹണത്തിൽ മുസ്‌ലിംകളിലും അമുസ്‌ലിംകളിലും വ്യത്യസ്ത രീതികൾ അവലംബിക്കപ്പെട്ടു. കാരണം ഇരു വിഭഗങ്ങളുടെയും സാസ്കാരികവും നാഗരികവും സാമൂഹി

കവും സാമുദായികവുമായ മാനസിക പശ്ചാത്തലങ്ങൾ തമ്മിൽ വലിയ അന്തരമുണ്ടായിരുന്നു. ഈ അന്തരം അവഗണിച്ചുകൊണ്ടുള്ള പ്രബോധന പ്രവർത്തനങ്ങൾ പ്രസ്ഥാനത്തിന്റെ താൽപര്യങ്ങൾക്ക് വിരുദ്ധമായിരക്കും.

സാമുദായിക സംഘട്ടനത്തിൽ നിന്ന് അകന്ന് നിൽക്കുക; അനിസ്ലാമിക പ്രസ്ഥാനങ്ങളും സംഘടനകളുമായി ആദർശബന്ധം പുലർത്താതിരിക്കുക- ഇതായിരുന്നു ജമാഅത്ത് മുസ്‌ലിംകളോട് പ്രബോധനം ചെയ്തിരുന്നത്. ഈ ലക്ഷ്യം നേടിയെടുക്കാൻ സാഹിത്യപ്രസിദ്ധീകരണങ്ങളുടെ ഒരു പരിപാടിയും ആവിഷ്കരിക്കപ്പെട്ടു.

ഇതിന്നു പുറമെ, വിഭജനാനന്തരം ഇന്ത്യൻ മുസ്‌ലിംകളെ ബാധിച്ച നിരാശാബോധം ദൂരീകരിക്കാനുള്ള ശ്രമങ്ങളും നടത്തപ്പെടുകയുണ്ടായി. മുസ്‌ലിംകളെ ജമാഅത്ത് ഇപ്രകാരം ഉദ്ബോധിപ്പിച്ചു: വർഗപരമോ, ഭാഷാപരമോ, ദേശീയമോ, രാഷ്ട്രീയമോ ആയ രീതിയിലുള്ള ഒരു സമുദായമല്ല പ്രത്യുത ഒരു ആദർശസമൂഹമാണ് തങ്ങളെന്ന് മനസ്സിലാക്കുക, തങ്ങളുടെ പ്രത്യേയശാസ്ത്രത്തിന്റെ താൽപര്യങ്ങൾ പൂർത്തീകരിക്കാൻ മൗലികതത്വങ്ങളിലൂന്നി നിന്ന്കൊണ്ട് പ്രവർത്തിക്കുകയും വ്യക്തി സംസ്കരണവും സമാജസംസ്കരണവും രാഷ്ട്രസംവിധാനവുമെല്ലാം തങ്ങളംഗീകരിച്ചിരിക്കുന്ന ഈ മൗലിതത്വങ്ങളെ ആശ്രയിച്ചാണ് നിൽക്കുന്നതെന്ന ദൃഢബോധം ജനങ്ങളിൽ സംജാതമാകുന്ന രീതിയിൽ അവ രാജ്യനിവാസികളുടെ മുമ്പിൽ സമർപ്പിക്കുകയും ചെയ്യുക.

**അമുസ്‌ലിംകളിൽ പ്രബോധനം**

അമുസ്‌ലിംകൾക്കിടയിലെ പ്രബോധന പ്രവർത്തനങ്ങളിൽ താഴെ കാണിക്കുന്ന കാര്യങ്ങൾ പരിഗണിക്കപ്പെട്ടു.

1. ഇസ്‌ലാമിനെ സംബന്ധിച്ചും ജമാഅത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചുമുള്ള അവരുടെ തെറ്റിദ്ധാരണകൾ ദൂരീകരിക്കുക.

2. ധാർമിക മൂല്യങ്ങൾക്കും മനുഷ്യത്വത്തിനും ആപൽക്കരമായിക്കൊണ്ടിരിക്കുന്ന ആധുനിക ചിന്താഗതികളുടെയും സിദ്ധാന്തങ്ങളുടെയും കെടുതികളെ കുറിച്ച് അവരെ - വിശിഷ്യാ അവരിലെ യുവജനങ്ങളെ ബോധ്യപ്പെടുത്തുക.

3. ചരിത്രപരവും രാഷ്ട്രീയവുമായ കാരണങ്ങളാലും വ്യക്തിപരവും സാമൂഹികവുമായ പ്രവർത്തനവൈകല്യങ്ങൾ മൂലവും മുസ്‌ലിംകളിൽ സംജാതമായ തെറ്റിദ്ധാരണകൾ നീക്കുക, മനുഷ്യന്റെ പ്രശ്നങ്ങൾക്കെല്ലാമുള്ള ഏക പരിഹാരം ഇസ്‌ലാമാണെന്നും ഭാരതത്തിന്റെ ശരിയും യഥാർഥവുമായ സംവിധാനം അതിലൂടെ സാധ്യമാണെന്നും അവരെ ബോധ്യപ്പെടുത്തുക.

ഈ ലക്ഷ്യങ്ങൾ മുമ്പിൽ വെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളുടെ ഫലമായി രാജ്യത്തിലെ അസംഖ്യം അമുസ്‌ലിം സഹോദരന്മാർക്കും ആയിരക്കണക്കിൽ മുസ്‌ലിംകൾക്കും ഇസ്‌ലാമിക സന്ദേശം യഥാവിധി മനസ്സിലാക്കാൻ അവസരം ലഭിക്കുകയുണ്ടായി. മത പണ്ഡിതന്മാർ, പണ്ഡിറ്റുമാർ, സന്ത്മാർ, എം.പി.മാർ ആധുനിക വിദ്യാഭ്യാസം നേടിയവർ, കോളേജുകളിലെയും യൂനിവേഴ്സിറ്റികളിലെയും അധ്യാപകാദ്ധ്യോതാക്കൾ, മത സ്ഥാപനങ്ങളിലെ അധ്യാപകരും വിദ്യാർഥി വിദ്യാർഥിനികളും, നന്മയിൽ തൽപരരായ ബഹുജനങ്ങൾ, വനിതകൾ തുടങ്ങി എല്ലാവരും ഇതിലുൾപെടുന്നു.

**മതവിദ്യാഭ്യാസം**

ചതുർ വർഷ പരിപാടിയിലെ മൂന്നാമത്തെ ഇനമായ സാമുദായിക പ്രശ്നങ്ങളിൽ മത വിദ്യാഭ്യാസത്തിന് മാത്രമേ ജമാഅത്ത് പ്രാധാന്യം കൽപിച്ചിരുന്നുള്ളൂ. തദ്വിഷയകമായി താഴെ പറയുന്ന കാര്യങ്ങളിൽ ജമാഅത്ത് ശ്രദ്ധ കേന്ദ്രീകരിക്കുകയുണ്ടായി.

* മത വദ്യാഭ്യാസത്തിന്റെ പ്രാധാന്യം വ്യക്തമാക്കി മുസ്‌ലിംകളിൽ വിദ്യാഭ്യാസ താൽപര്യം സൃഷ്ടിക്കുക.

* തങ്ങളുടേതായ മതവിദ്യാലയങ്ങൾ സ്ഥാപിക്കാൻ മുസ്‌ലിംകളെ പ്രേരിപ്പിക്കുക.

* ജമാഅത്തിന്റെ പാഠപുസ്തകങ്ങളും സിലബസും മതപാഠശാലകളിൽ നടപ്പിലാക്കാൻ ശ്രമിക്കുക.

ജമാഅത്ത് പ്രവർത്തകരുടെ പരിശ്രമഫലമായി മുസ്‌ലിം ബഹുജനങ്ങൾ മത വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് ബോധവാന്മാരാവുകയും രാജ്യത്തിന്റെ നാനാഭാഗങ്ങളിലും മതവിദ്യാഭ്യാസ സ്ഥാപനങ്ങളും സംഘടനകളും നിലവിൽ വരികയും ചെയ്തു.

ഇസ്‌ലാമിക പ്രസ്ഥാനം അതിന്റെ മൂന്നാംഘട്ടത്തിൽ നിർവഹിച്ച പ്രവർത്തനങ്ങളുടെ ഫലങ്ങളും കണക്കിലെടുത്ത് പ്രസ്ഥാനത്തെ പൂർവ്വോപരി മുന്നോട്ടു നയിക്കാനും സാധാരണക്കാരിലും ഉന്നതവൃത്തങ്ങളിലും സ്വീകാര്യത നേടാനും വിശാലാടിസ്ഥാനത്തിലുള്ള ഒരു പോളിസി പ്രോഗ്രാമിന് രൂപം കൊടുക്കുന്നതിന്റ അനിവാര്യത 1960 ഏപ്രിലിൽ പുതിയ മീഖാതിൽ തന്നെ മജ്‌ലിസ് ശൂറക്ക് ബോധ്യമായി. പ്രോഗ്രാം അംഗീകരിച്ചതോടെ ജമാഅത്ത് അതിന്റെ പ്രബോധന ചരിത്രത്തിലെ നാലാം ഘട്ടത്തിലേക്ക് പ്രവേശിച്ചു. യഥാർത്ഥിൽ പ്രബോധന വിപുലീകരണത്തിന്റെയും പ്രവർത്തന മുന്നേറ്റത്തിന്റെയും ഘട്ടമായിരുന്നു ഇത്. ഈ ഘട്ടത്തിൽ ശ്രദ്ധചെലുത്തിയ പ്രസ്താവ്യമായ പ്രവർത്തന മണ്ഡലങ്ങൾ ഇനിപ്പറയുന്നവയാണ്.

* മുസ്‌ലിംകൾക്കെതിരിൽ ഭൂരിപക്ഷ സമുദായത്തിലെ ഒരു വിഭാഗം നടത്തിക്കൊണ്ടിരുന്ന അക്രമങ്ങളെ ചെറുക്കുക.

* രാജ്യത്തിലെ വിവിധ വിഭാഗങ്ങൾക്കിടയിൽ വിശിഷ്യാ ഹിന്ദുക്കൾക്കും മുസ്‌ലിംകൾക്കുമിടയിൽ ഐക്യം സംജാതമാക്കുക.

* രാജ്യത്തിലെ മുഴുവൻ നിവാസികളുടെയും ക്ഷേമത്തിനായി മത-ജാതി പരിഗണന കൂടാതെ സേവനങ്ങളർപ്പിക്കുക.

* മുസ്‌ലിംകളുടെ വ്യക്തിനിയമം സംരക്ഷിക്കാൻ പരിശ്രമിക്കുക.

* ജനാധിപത്യ മൂല്യങ്ങളുടെ സംരക്ഷണത്തിനും ഉച്ചനീചത്വങ്ങളും ഐത്താചരണവും അവസാനിപ്പിക്കുന്നതിനും ശ്രമിക്കുകയും സന്താന നിയന്ത്രണത്തിന്റെ ധാർമികവും സാമൂഹികവുമായ ന്യൂനതകൾ വ്യക്തമാക്കുകയും ചെയ്യുക.

വർധിച്ചു വരുന്ന വർഗീയ കലാപങ്ങൾ തടയാൻ ജമാഅത്ത് താഴെ പറയുന്ന മാർഗങ്ങൾ അവലംബിച്ചു.

* വ്യത്യസ്ത സാമൂഹ്യരാഷ്ട്രീയ പാർട്ടികളുമായി ബന്ധപ്പെട്ട അവരുടെ സഹകരണങ്ങൾ തേടുക.

* വല്ല കലാപവും പൊട്ടിപ്പുറപ്പെട്ടാൽ ഭരണനിർവഹണവിഭാഗത്തെയും ഉദ്യോഗസ്ഥന്മാരെയും യഥാസമയം വിവരം ധരിപ്പിക്കുക.

* പൊതുജനങ്ങളുടെ ധാർമികബോധം ഉത്തേജിപ്പിക്കുക.

* വ്യത്യസ്ത വിഭാഗങ്ങൾക്കിടയിൽ ജനസേവനപരായ ഗുണകാംക്ഷാബോധം വളർത്തുക.

* സാംസ്കാരിക ന്യൂനപക്ഷങ്ങൾക്കിടയിൽ ഉൽഗ്രഥനം സാധിക്കാൻ സിമ്പോസിയങ്ങളും മറ്റും സംഘടിപ്പിക്കുക.

**ദേശിയോദ്ഗ്രഥനവും ജമാഅത്തും**

മുസ്‌ലിംകൾക്കെതിരെയുള്ള വർഗീയാക്രമണങ്ങളുടെ കവാടം കൊട്ടിയടക്കാൻ രചനാത്മകങ്ങളായ മാർഗങ്ങൾ സ്വീകരിച്ചതോടൊപ്പം തന്നെ ജമാഅത്ത് വിവിധ ഗ്രൂപ്പുകൾക്കിടയിൽ ഐക്യവും ശ്രദ്ധയും സൃഷ്ടിക്കുന്നതിൽ സവിശേഷ ശ്രദ്ധ ചെലുത്തിയിരുന്നു. ഈ വിഷയത്തിൽ സർക്കാരിനും പർട്ടിയുടെ സഹകരണം വാഗ്ദാനം ചെയ്യപ്പെട്ടു. 1964-ൽ ശ്രീ അശോക മേത്തയുടെ അധ്യക്ഷതയിൽ കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച ദേശിയോദ്ഗ്രഥന കമ്മിറ്റിയുടെ മുമ്പാകെ ജമാഅത്ത് അമീർ ദേശീയോദ്ഗ്രഥനത്തെ സംബന്ധിച്ച പാർട്ടിയുടെ വീക്ഷണം വ്യക്തമാക്കിക്കൊടുക്കുകയുണ്ടായി. മതപരവും സാംസ്കാരികവുമായ സൗഹൃദവും ആദരവും സൃഷ്ടിക്കുക എന്നതായിരുന്നു ഈ വിഷയത്തിൽ ജമാഅത്തിന്റെ വീക്ഷണം.

**വ്യക്തിനിയമം**

മുസ്‌ലിംകളുടെ വ്യക്തിനിയമത്തിൽ കൈകടത്തുന്നത് പ്രതിഷേധാർഹവും അവരുടെ മതത്തിൽ കൈകടത്തുന്നതിന് തുല്യവും ആണെന്ന് ഗവൺമെന്റിന്

വ്യക്തമാക്കിക്കൊടുക്കാനുള്ള ശ്രമങ്ങൾ നടത്തപ്പെട്ടു. ഗവൺമെന്റിനെ പ്രസ്തുത സംരഭത്തിൽനിന്ന് പിന്തിരിപ്പിക്കാൻ എല്ലാ മുസ്‌ലിം പാർട്ടികളോടും എം. എൽ. എ. മാരോടും ജമാഅത്ത് അഭ്യർഥിക്കുകയുണ്ടായി. നിലവിലുള്ള 'മുഹമ്മഡൻലാ'യിൽ ഖുർആനിനും സുന്നത്തിനും നിരക്കാത്ത നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിൽ ജമാഅത്തിന് യാതൊരു എതിർപ്പുമില്ല. മറിച്ച് പ്രസ്തുത ഭേദഗതി അനിവാര്യമാണെന്നാണ് ജമാഅത്ത് മനസ്സിലാക്കുന്നത്. എന്നാൽ അത് നിർവഹിക്കേണ്ടത് ഗവൺമെന്റല്ല; മതപണ്ഡിതന്മാരാണ്, മത പണ്ഡിതന്മാരാൽ നിർദിഷ്ടമായ ഭേദഗതികൾക്ക് നിയമരൂപം നൽകേണ്ടത് പാർലമെന്റാണെങ്കിലും.

ജമാഅത്തിന്റെ സംയോജിതമായ ശ്രമങ്ങൾ കാരണം മുസ്‌ലിം ബഹുജനങ്ങളിൽ പുതിയ ഒരുണർവ് സംജാതമായി. അങ്ങനെ വിവിധ മുസ്‌ലിം സംഘടനകളുടെ കൂട്ടായ പ്രതിഷേധം കാരണം സർക്കാർ ഭേദഗതി സംരഭങ്ങളിൽനിന്ന് പിന്തിരിഞ്ഞു.

**മുസ്‌ലിംകളുടെ ഐക്യം**

ജമാഅത്ത് പ്രാരംഭഘട്ടത്തിൽ തന്നെ മുസ്‌ലിംകൾക്കിടയിൽ ഐക്യം സൃഷ്ടിക്കാൻ ശ്രമിച്ചിരുന്നു. ജമാഅത്തിന്റെ പ്രബോധന ചരിത്രത്തിലെ നാലാം ഘട്ടത്തിൽ എല്ലാ മീഖാത്തി പ്രോഗ്രാമിലും സാമൂഹ്യ-രാഷ്ട്രീയ മത മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന വ്യത്യസ്ത മുസ്‌ലിം സംഘടനകളെയും ചിന്താഗതിക്കാരെയും പരസ്പരം അടുപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കുകയുണ്ടായി. പക്ഷേ, ഖേദകരമെന്നു പറയട്ടെ മുസ്‌ലിംകളുടെ പൊതുപ്രശ്നങ്ങൾ പരിഹരിക്കാൻ യോജിച്ച് പ്രവർത്തിക്കണമെന്ന ജമാഅത്തിന്റെ നിർദേശം വളരെക്കാലത്തോളം മുസ്‌ലിം സംഘടനകൾ സ്വീകരിക്കുകയുണ്ടായില്ല. ഈ ഘട്ടത്തിൽ ഉത്തരേന്ത്യൻ മുസ്‌ലിംകളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എല്ലാ മുസ്‌ലിം സംഘടനകളെയും ഒരേ വേദിയിൽ കൊണ്ടുവരാൻ ജമാഅത്ത് ഒരിക്കൽകൂടി ശ്രമിച്ചു. ഇതിൻ ഫലമായായണ് 1964-ൽ ലഖ്നോവിൽവെച്ച് 'മുസ്‌ലിമജ്‌ലിസെ മുശാവറ' നിലവിൽ വന്നത്. ന്യൂനതകളും ദൗർബല്യങ്ങളുമുണ്ടെങ്കിലും ഇപ്പോഴും നിലനിൽക്കുന്നുണ്ട് ഈ സംഘടന.

**ജനസേവനം**

ദൈവത്തിന്റെ അടിമകൾക്ക് അവന്റെ സന്ദേശം എത്തിക്കുന്നതിന് പുറമെ അവനോട് സഹാനുഭൂതിയോടെ വർത്തിക്കുക എന്നതും നമ്മുടെ ഉത്തരവാദിത്വമാണ്. അതിനാൽ തങ്ങളുടെ ചുറ്റുവട്ടത്തിൽ രോഗവും കഷ്ടപ്പാടുകളുമനുഭവിക്കുന്ന സഹോദരങ്ങളുടെ കാര്യത്തിൽ ശ്രദ്ധ ചെലുത്താൻ ജമാഅത്ത് അതിന്റെ പ്രവർത്തകരോടാഹ്വാനം ചെയ്തു. ജനസേവനപരമായ ഇത്തരം പൊതുപ്രവർത്തനങ്ങൾക്ക് പുറമെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി ജമാഅത്ത് പ്രവർത്തകർ വൈദ്യസഹായ കേന്ദ്രങ്ങളും പലിശരഹിത ഫണ്ടുകളും വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളും സ്ഥാപിക്കുകയുണ്ടായി. കൂടാതെ ജബൽപൂർ, റൂർക്കല, കൽക്കത്ത, ജാംഷഡ്പൂർ, റാഞ്ചി, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, ഗുജറാത്ത്, മൈസൂർ, ഉത്തർപ്രദേശ് എന്നിവിടങ്ങളിൽ വർഗീയ കലാപത്തിനിരായായവരെ സഹായിക്കാൻ ലക്ഷക്കണക്കിൽ രൂപ ജമാഅത്ത് ചെലവഴിക്കുകയുണ്ടായി. അഹമ്മദാബാദ് കലാപത്തിൽ സ്വന്തം കിടപ്പാടങ്ങൾ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ നിർമിച്ച 'മില്ലത് നഗർ കോളനി' ഈ വിഷയത്തിൽ എടുത്തു പറയത്തക്കതാണ്.

**അമുസ്‌ലിം സഹോദരങ്ങൾക്ക് സഹായം**

കലാപവിധേയരായ മുസ്‌ലിംകൾക്കുള്ള റിലീഫ് പ്രവർത്തനങ്ങൾക്ക് പുറമെ പ്രകൃതി കോപങ്ങൾക്കിരയായ അമുസ്‌ലിം സഹോദരങ്ങൾക്കും വിപുലമായ തോതിൽ ജമാഅത്ത് സാമ്പത്തിക സഹായം ചെയ്യുകയുണ്ടായി. പശ്ചിമ ബംഗാൾ, ബീഹാർ, പൂർവ്വ യു.പി, പൂന, കേരളം എന്നിവിടങ്ങളിൽ പ്രളയബാധയെത്തുടർന്ന് നടത്തപ്പെട്ട ദുരിതാശ്വാസ പ്രവർത്തനങ്ങൾ അനുസ്മരണീയമാണ്. 1967-ൽ പൂർവ്വ യു.പിയിലും, ബീഹാറിലും ഭീകരമായ വരൾച്ച ബാധിച്ചപ്പോൾ ലക്ഷക്കണക്കിൽ രൂപ പിരിച്ചെടുത്ത് കഷ്ടപ്പെട്ടവരെ സഹായിക്കുകയുണ്ടായി.